**സത്യം പലത്, ധർമ്മം പലത്**
**എന്ന വ്യത്യസ്തകളെ ചുരുട്ടിക്കൂട്ടി**
**ഒന്നാക്കാത്ത മാധ്യമനീതി തിരയുന്ന**
**ബദൽ മാധ്യമങ്ങളെ പരിചയപ്പെടുത്തുന്നു**

**കെ. രാജൻ**

# ഇങ്ങനെയും ചില മാധ്യമങ്ങൾ

## എന്താണ് ബദൽ മാധ്യമം/ മാധ്യമബദൽ?

സ്ഥൂലവും സൂക്ഷ്മവുമായ അധികാര വ്യാപാരങ്ങളുടെ സൗവർണ്ണ പ്രതിപക്ഷമായി പ്രവർത്തിക്കുന്നവയാണ് ബദൽ മാധ്യമങ്ങളെന്ന് പൊതുവെ പറയാം. വലുതാനാഗ്രഹിക്കുന്ന ചെറുതുകളും മുഖ്യധാരയാകാൻ കൊതിക്കുന്ന പാർശ്വധാരകളും ബദലുകളല്ല. അധികാര വ്യവസ്ഥയെക്കാൾ കൂടുതൽ കേന്ദ്രീകൃത വ്യവസ്ഥകളെക്കുറിച്ചു പറയുന്നതും സൗവർണ്ണ പ്രതിപക്ഷമല്ല. കൂടുതൽ പങ്കാളിത്തപരവും സംവാദാത്മകവും ഇന്ററാക്ടീവുമായ മാധ്യമപ്രവർത്തരീതിയും സൂക്ഷ്മരാഷ്ട്രീയ ഉള്ളടക്കമുള്ള സൂക്ഷമതല ജനാധിപത്യ പ്രക്രിയയുയാണ് ഇന്നത്തെ ബദൽ മാധ്യമ പ്രവർത്തനം. സ്വയം ഒരു അധികാര കേന്ദ്രമാകുന്നതും ബദൽ മാധ്യമ രീതിയ്ക്കെതിരാണ്. തുല്യനീതി, സത്യം പലത്, ധർമ്മം പലത് എന്ന വ്യത്യസ്തകളെ ചുരുട്ടിക്കൂട്ടി ഒന്നാക്കാത്ത മാധ്യമനീതിയാണിന്ന് പുലരേണ്ടത്. അതിനായി ശ്രമിക്കുന്ന ഇന്ത്യയിലെ ചില വരമൊഴി (print), തിരമൊഴി (internet) ബദൽ മാധ്യമങ്ങളെ ഇവിടെ പരിചയപ്പെടാം.

## വരമൊഴി ബദൽ മാധ്യമങ്ങൾ

### ഇക്കണോമിക്ക് ആന്റ് പൊളിറ്റക്കൽ വീക്കിലി

മുംബൈയിൽ 1949-ൽ ഇക്കോണമിക് വീക്കിലി എന്ന പേരിൽ ജനിച്ചു. 1966-ൽ 'ഇക്കോണമിക് ആൻഡ് പൊളിറ്റിക്കൽ വീക്കിലിയായി' പുനർജന്മം. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ധൈഷണിക ചരിത്രരേഖയായി മാറിയിരിക്കുകയാണ് ഇന്ന് ഇ.പി.ഡബ്ല്യു. അർത്ഥശാസ്ത്രം, ചരിത്രം, രാഷ്ട്രീയം, സാമൂഹ്യശാസ്ത്രം, സംസ്കാരം, പരിസ്ഥിതി എന്നിങ്ങനെ ഒട്ടേറെ മേഖലകളിലെ ജ്ഞാനകളുടെ അന്യോന്യത്തിന്റെ അരങ്ങാണ് ഇ.പി.ഡബ്ല്യു. സമീക്ഷ ട്രസ്റ്റ് എന്ന് രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ ട്രസ്റ്റിനാണ് പ്രകാശന ചുമതല. ഇ.പി.ഡബ്ല്യു നിലനിർത്തുന്ന ജനാധിപത്യം തുറസ്സും ബഹുസ്വരവുമാണ്. സാമൂഹ്യ മന:സാക്ഷിയെന്ന നിലയിൽ സാമൂഹ്യപ്രശ്നങ്ങളിൽ സുരക്ഷാസ്ഥാനങ്ങളിലെ കാഴ്ചക്കാരായി



Economic&PoliticalWEEKLY

Flaws in the European Project

Supreme Court and the Executive

Evaluating an Insurance Scheme

Suresh Tendulkar

Elections in Post-war Jaffna

നില്ക്കാതെ  സംവാദങ്ങൾ വഴി ഇടപ്പെടുന്നതാണ് ഇ.പി.ഡബ്ല്യുവിന്റെ എഡിറ്റോറിയൽ നിലപാടുകളുടെ തനിമ. രാഷ്ട്രീയ നയരൂപീകരണത്തിലേക്ക് വഴിതെളി


ക്കുന്ന തരത്തിലുള്ള സംവാദാത്മക വ്യവഹാരങ്ങൾക്ക് ഇ.പി.ഡബ്ല്യു വേദിയായിട്ടുണ്ട്. ഭാരതത്തിൽ മാത്രമല്ല; ദേശാന്തരതലത്തിലും ഇ.പി.ഡബ്ല്യുവിന് വായനക്കാരും ബന്ധുക്കളുമുണ്ട്. കാരണം ഇ.പി.ഡബ്ല്യുവിന്റെ അന്വേഷണ മേഖല ഇന്ത്യൻ പ്രശ്നങ്ങളിൽ ഒതുങ്ങി നിൽക്കുന്നില്ല. ഹിഗ്വിറ്റയെപ്പോലെ ഗോളിയായി ഒതുങ്ങിനില്ക്കാതെ കയറികളിക്കുന്നതാണ് ഇ.പി.ഡബ്ല്യുവിന്റെ നിലപാട്. വർഷം തോറും ആറു മുതൽ എട്ടു തവണയോളം കൃഷി, വ്യവസായവും മാനേജ്മെന്റും, സ്ത്രീപഠനങ്ങൾ, ശാസ്ത്രനയം, തൊഴിൽ എന്നീ മേഖലകളെ കുറിച്ചുള്ള പ്രത്യേകസംവാദങ്ങൾക്കുള്ള സ്പെഷ്യൽ ലക്കങ്ങൾ ഇ.പി.ഡബ്ല്യുവിന്റെ പ്രത്യേകതയാണ്.

## ഫ്രോണ്ടിയർ

പിറവി 1968 ഏപ്രിൽ മാസത്തിൽ. സമർസെൻ ആയിരുന്നു സ്ഥാപകനും 1987 ആഗസ്റ്റിൽ മരിക്കുന്നതുവരെ എഡിറ്ററും. ദേശാന്തരതലത്തിൽ, ദേശതലത്തിൽ, പ്രാദേശികതലത്തിൽ വൻരാഷ്ട്രീയ കടൽക്ഷോഭങ്ങളുടെ കാലമായിരുന്നു അത്. വിദ്യാർത്ഥികൾ, തൊഴിലാളികൾ, കർഷകർ, ഇടനിലക്കാർ ഓരോ സാമൂഹ്യവിഭാഗവും ഭാവിചരിത്രം സൃഷ്ടിക്കാനായി പുറപ്പെട്ട ഈ സംക്രമണ കാലത്തിന്റെ സ്വാതന്ത്ര്യ സാക്ഷ്യം പറയുന്ന മുമ്പേ പറക്കുന്ന കിളിയായി ഫ്രോണ്ടിയർ. കൽക്കത്തയായിരുന്നു ഇടം. ആ കാലത്തിന്റെ രാഷ്ട്രീയ സാമൂഹ്യ ഭൂകമ്പചലനങ്ങളെ അടയാളപ്പെടുത്താനും വിശകലനം ചെയ്യാനുമുള്ള ഭൂചലന മാപിനിയായി മാസിക എങ്ങിനെ മാറിയെന്ന് മാസികയുടെ പഴയ ലക്കങ്ങൾ നമ്മോടു പറയും. അനവധി വില്പനങ്ങൾക്കിടയിലും 52 ലക്കങ്ങൾ വർഷം തോറു വിരിഞ്ഞുവരുന്ന പതിവ് മുടങ്ങിയില്ല. വിദ്യാർത്ഥികൾ, അധ്യാപകർ സമാജികർ, ബിസിനസ്സ് എക്സിക്യൂട്ടീവുകൾ, വൈറ്റ് കോളർ ഉദ്യോഗസ്ഥർ, തുടങ്ങിയ ഭിന്നരുചിക്കാർ അടുത്തും അകലെയുള്ള സംഭവ വികാസങ്ങളെ ഫ്രോണ്ടിയറിന്റെ പരുന്തിൻ ചിറകിനൊപ്പം പറന്ന് സൂക്ഷ്മമായി നോക്കിക്കണ്ടുകൊണ്ടെ ചിരിക്കുന്നു.

## ഡൗൺ ടു എർത്ത്

1992 – ൽ സൊസൈറ്റി ഓഫ് എൻവിറോൺമെന്റൽ കമ്മ്യൂണിക്കേഷൻസ് ആണ് ഈ ഭാരതീയ ശാസ്ത്ര പരിസ്ഥിതിക ദ്വൈവാരികയക്ക് തുടക്കമിട്ടത്. ഭാരതവും ലോകവും നേരിടുന്ന പാരിസ്ഥിക പ്രതിസന്ധികളെ ക്കുറിച്ചുള്ള പഠനങ്ങൾ ആഗോള തലത്തിൽ വായിക്കപ്പെടുന്നുണ്ട്. അനിൽ അഗർവാളാണ് സ്ഥാപക എഡിറ്റർ (അന്തരിച്ചു).




ഡി.ടി.ഇ ടീം നടത്തുന്ന പരീക്ഷണ ഗവേഷണങ്ങൾ പൊതുജനാഭിപ്രായ രൂപീകരണവും സമരങ്ങളും വഴി സർക്കാർ നയങ്ങളെ മാറ്റിതീർക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. 2001–ലെ എൻഡോസൾഫാൻ ടെസ്റ്റ്, 2003–ലെ കുപ്പിവെള്ളത്തിലെ കീടനാശിനികളെകുറിച്ചുള്ള ടെസ്റ്റ്, 2003–ലും 2006–ലും നടത്തിയ പാനീയങ്ങളിലെ വിഷാംശങ്ങളെക്കുറിച്ചുള്ള ടെസ്റ്റ്, 2009–ലെ പഞ്ചാബിലെ കീടനാശിനികളെക്കുറിച്ചുള്ള ടെസ്റ്റ്, 2009–ലെ പാചക എണ്ണവില അമിതക്കൊഴുപ്പിനെക്കുറിച്ചും ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഫാക്റിയ്ക്കടത്തുള്ള ജലത്തിലും മണ്ണിലുമുള്ള വിഷാംശത്തെക്കുറിച്ചും ഉള്ള ടെസ്റ്റ് എന്നിവ വളരെ പ്രധാനപ്പെട്ടവയാണ്.


## സെമിനാർ

1969–ൽ രമേഷ്ഥാപ്പർ രാജ് ഥാപ്പർ ദമ്പതിമാർ അടിത്തറയിട്ട സംവാദഗോപുരം 50 വർഷത്തിലധികമായി ഭിന്നാഭിപ്രായങ്ങളുടെ വർണ്ണരാജിയിലൂടെ ഓരോ സാമൂഹ്യ/രാഷ്ട്രീയ പ്രശ്നത്തെയും വെളിവാക്കുന്നു. 1987–ൽ രമേഷ്ഥാപ്പറും രാജും മരിച്ചതോടെ അവരുടെ മകളായ മാളവികയും ഭർത്താവ് തേജ്ബീർ സിംഗും മാസികയുടെ ചുമതലകൾ ഏറ്റെടുത്തു. ഹർഷ് സേഥിയെ പത്രാധിപത്യം ഏൽപ്പിച്ചു. സമകാലീന പ്രശ്നങ്ങളെ ബഹുതലമായ വജ്രമുന കൊണ്ട് വിശകലനം ചെയ്യുന്ന ഈ മാസിക സംവാദത്തിന്റെ ജനാധിപത്യത്തെ നിലനിർത്തുന്നു.




## മാനുഷി


മാനുഷി എന്ന വാക്കിന് പല അർത്ഥ തലങ്ങളുണ്ട്. 'മനുഷ്യൻ' എന്ന വാക്ക് മാത്രം സൂചിപ്പിക്കുക വഴി സ്ത്രീയെ ഒഴിപ്പിച്ചു നിർത്തുന്നു. 'മാനുഷി' എന്ന വാക്ക് മനുഷ്യവംശത്തെ മാത്രമല്ല സ്ത്രീയെ സവിശേഷമായും സൂചിപ്പിക്കുന്നു. മാനുഷി എന്ന വാക്ക് മനസ്സ്, ബുദ്ധി എന്നർത്ഥം വരുന്ന മാനസി എന്ന വാക്കിനോട് ബന്ധുത്വമുള്ളത്. ബംഗാളി ഭാഷയിൽ മനോഷി എന്നവാക്ക് പ്രിയപ്പെട്ടവൾ എന്നർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. ആ വാക്കിനോട് സാദൃശ്യം പുലർത്തുന്നതാണ് 'മാനുഷി' എന്ന മാസികയുടെ സ്വാഭാവം. 1978 ലാണ് മാനുഷി ട്രസ്റ്റിന്റെ സന്തതിയായി മനുഷിയുടെ പിറവി. പ്രമുഖ സ്ത്രീപക്ഷ – ജനാധിപത്യ പ്രവർത്തക മധു കിഷ്വാറാണ് എഡിറ്റർ. തുടക്കത്തിൽ മാസികയുടെ പ്രകാശനമായിരുന്നു ലക്ഷ്യമെങ്കിലും 1991 ൽ മാനുഷി സംഘാടകർ എന്ന ടീം ജനാധിപത്യപരമായ നവീകരണങ്ങൾക്ക് പൗരരെ പ്രാപ്തരാക്കുന്ന വേദി സൃഷ്ടിക്കാനുള്ള ഇടപ്പെടലുകൾക്ക് തുടക്കമിട്ടു. 2007–ൽ മാസിക തൽക്കാലത്തേക്ക് നിറുത്തിവെക്കേണ്ടിവനു. 2006 –ൽതൊട്ട് മാസികയുടെ പ്രവർത്തകരുടെ നേർക്കുണ്ടായ തുടർച്ചയായ ആക്രമണങ്ങളുടെ പരിണിതഫലമായിരുന്നു അത്. അടുത്തകാലത്ത് മാനുഷിയുടെ വെബ് മാസിക തുടങ്ങിയിട്ടുണ്ട്.



ഗവേഷണവും പ്രയോഗങ്ങളും തമ്മിൽ നിലനിൽക്കുന്ന വിടവ് അവസാനിപ്പിക്കാനാണ് മാനുഷി നിരന്തരം ശ്രമിക്കുന്നത്. ബഹുജനജീവിതത്തിന്റെ ജീവധാരയോട് ചലനാത്മക ബന്ധമില്ലെങ്കിൽ ഗവേഷണം അന്ധമാകും. ജനങ്ങളുടെ മൂല്യങ്ങൾ, സ്വഭാവം എന്നിവയെ രൂപപ്പെടുത്തുന്ന സാമൂഹ്യവും ചരിത്രപരവുമായ പ്രക്രിയകളെകുറിച്ച് അവബോധമില്ലാത്ത പ്രയോഗം അന്ധമാണ്, സൃഷ്ടിപരമല്ല. എൻ.ജി.ഒ - അക്കാദമിക് വൃത്തങ്ങൾക്കപ്പുറം രാഷ്ട്രീയവും പ്രത്യശാസ്ത്രപരവുമായ ഭിന്നതകൾക്കപ്പുറം പോകുന്നതാണ് മാനുഷിയുടെ വായനാസമുദായം.

### കമ്മ്യൂണലിസം കോംബാറ്റ്

വർഗ്ഗീയ കലാപങ്ങൾ തെരുവുകളിൽ അവതരപ്പിക്കും മുമ്പേ മനസ്സുകളിൽ അവതരിക്കുന്നു.




അവയെ ഗൗരവപരമായ ചർച്ചകളും ജ്ഞാനവും വഴി തടയാനാണ് കമ്മ്യൂണലിസം കോംബാറ്റ് ശ്രമിക്കുന്നത്. ആകർഷകമായ കെട്ടിലും മട്ടിലും അവതരിക്കുന്ന ഈ മാസക 1993 ആഗസ്റ്റ് മുതൽ ഇറങ്ങികൊണ്ടിരിക്കുന്നു. ഭൂരിപക്ഷ/ന്യൂനപക്ഷ വർഗ്ഗീയ പാർട്ടികളുടെ ചരടുവലികളും നുണപ്രചരണങ്ങളും അപഗ്രഥിക്കുകയും അപനിർമ്മിക്കുകയും ചെയ്യുന്ന പഠനങ്ങളാണ് ഈ മാസികയുടെ തനിമ. 4,500 ഓളം സ്കൂളുകളിലും 1,500 കോളേജുകളിലും ഇതെത്തിച്ചേരുന്നു. 1998 ജനുവരി മുതൽ മാസിക മതമൈത്രിയെ കുറിച്ചുള്ള പ്രതിമാസ ചുമർപത്രം കൂടി ഹിന്ദിയിൽ തയ്യാറാക്കാറുണ്ട്. വർഗ്ഗീയവിരുദ്ധ പ്രവർത്തക തീസ്ത സെതൽവാദാണ് മാസികയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## തിരമൊഴി ബദൽ മാധ്യമങ്ങൾ

### ദി ഹൂട്ട്

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മാധ്യമങ്ങളുടെ ബഹുത്വവും സമൃദ്ധിയും ഉണ്ട്. എന്നാൽ മാധ്യമങ്ങളെക്കുറിച്ച് പഠിക്കുന്ന മാധ്യമമെന്ന നിലയ്ക്ക് ആത്മാവലോകത്തിനുള്ള കണ്ണാടിയാണ് ദി ഹൂട്ട്. മാധ്യമപ്രവർത്തനങ്ങളെ നൈതികമാക്കാനുള്ള ഈ ശ്രമം മാധ്യമമേഖലയലെ ജനാധിപത്യവത്കരണമാണ്.
വിലാസം: www.thehoot.org

### ഇൻഫോചെയിഞ്ച് ഇന്ത്യ

ഓൺലൈൻ വാർത്താശേഖരമാണിത്. സുസ്ഥിരവികസനം, സാമൂഹ്യനീതി എന്നീ പ്രശ്നങ്ങളെ ക്കുറിച്ചുള്ള പഠനങ്ങളിലൂടെ സാമൂഹ്യ പരിവർണം സാധ്യമാക്കലാണ് ലക്ഷ്യം. മുഖ്യധാരമാധ്യമങ്ങൾ ഓരങ്ങളിലേക്കു മാറ്റിയ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ശബ്ദവും നീതിയ്ക്കായുള്ള വെളിച്ചമാണിതിൽ അടയാളപ്പെടുത്തുന്നത്. ഓരോദിവസവും ശരാശരി 2000 സന്ദർശകരുണ്ട്. സെന്റർ ഫോർ കമ്മ്യൂണിക്കേഷൻ ആൻഡ് ഡവലപ്മെന്റ് സ്റ്റഡീസ് (സി.സി.ഡി.എസ്) എന്ന സാമൂഹ്യ പരിഷ്കരണത്തിനായുള്ള പഠനകേന്ദ്രമാണ് ഇതിനുവേണ്ടി വിവരശേഖരണം നടത്തുന്നതും. പൗര സമൂഹത്തെ ശക്തിപ്പെടുത്താനും പൗരന്മാരുടെ സാമൂഹ്യനീതിയ്ക്കായുള്ള ഇടപെടലുകൾക്ക് ദിശയും വ്യാപ്തിയും നൽകനും വേണ്ടി പുതുവിനിമയ സങ്കേതങ്ങളും തന്ത്രങ്ങളും ഉപയോഗിക്കുന്നു. തുറസ്സായ പൗരസമൂഹത്തിന്റെ രൂപീകരണത്തിന് ഇവ അനിവാര്യമാണ്. ഹൂട്ടോക്ഷി ഡോക്ടർ, ജോൺസാമുവൽ എന്നിവരാണ് ഈ തിരമൊഴിയരങ്ങിന്റെ സംവിധായകർ.
വിലാസം: www.infochangeindia.org.

### കാഫില

അറബി ഭാഷകളിൽനിന്നു ഹിന്ദിയിലേക്കു കുടിയേറിയ ഈ പദത്തിനർത്ഥം കാരവൻ അഥവാ സാർത്ഥവാഹക സംഘം എന്നാണ്. അധകാരവ്യവസ്ഥ ഇടവും വേരും പറിച്ച് പ്രവാസികളാക്കുന്നവരുടെ ബദൽ ഇടവും വാഹനവും ചിറകും തുഴയും ആണ് കാഫില. ആഗോളവത്ക്കരണ കലികാലത്ത് മാധ്യമരംഗം കോളനിവത്കരണ ഗ്രഹണത്തിൽപ്പെടുമ്പോൾ കാഫില വമർശനാത്മകവും സംവാദാത്മകവുമായ ബദൽ ഇടമായി പ്രവർത്തിക്കുന്നു. മജ്രൂഹ സുൽത്താൻ പുരിയാണ് ഊ സാർത്ഥവാഹകസംഘത്തിന്റെ സാരഥി.
വിലാസം: www.kafila.org

### ഇന്ത്യ ടുഗതർ

ബാംഗ്ലൂരിൽനിന്ന് 1998 ൽ പ്രവർത്തനം തുടങ്ങി. സുബ്രമണ്യം വിൻസന്റും അശ്വിൻ മഹേഷുമാണ് സ്ഥാപകരും എഡിറ്റർമാരും. 2010 പകുതിയായപ്പോഴേക്കും 2900-ൽ അധികം ലേഖനങ്ങൾ പ്രകാശിപ്പിച്ചു. സർക്കാർ നയങ്ങൾ, കൃഷി, പരിസ്ഥിതി തുടങ്ങി ഭിന്നരൂപിയും ഭിന്നാ അഭിരുചിയുള്ള 200,000 പേർ പ്രതിമാസം പങ്കെടുക്കുന്ന സംവാദമേളയാണ് ഈ നവ വെബ് മാഗസിന്റേത്. വാർഷിക വരിസംഖ്യനൽകുന്ന വരിക്കാർക്ക് മുഖ്യ ലേഖനങ്ങൾ കൂട്ടിച്ചേർത്ത് ഡിജിറ്റൽ എഡിഷൻ ഒരുക്കാറുണ്ട്.
വിലാസം: www.indiatogether.org.

### കൗണ്ടർകറന്റ്സ്

മനുഷ്യരാശിയെ വംശനാശത്തിന്റെ ഇരുൾഗർത്തത്തിലേക്ക് തള്ളിയിടുന്ന ആപത്തുകളായ കാലാവസ്ഥ മാറ്റം, വിഭവശോഷണം, അനാവൃഷ്ടി, ജല/മണ്ണ്/പച്ച/സമുദ്ര മലിനീകരണം, ആണവ വിനാശങ്ങൾ, ക്ഷാമം, പ്രകൃതിദുരന്തങ്ങൾ, കടക്കെണി, സാമൂഹ്യസംഘർഷങ്ങൾ തുടങ്ങി പ്രകൃതിയിലും സമൂഹത്തിലുള്ള പ്രതിപാധികളെ കുറിച്ചുള്ള വിപത്ത് സൂചനകൾ നൽകാനാണ് ഈ തിരമൊഴിവേദി. അർത്ഥവത്തായ ബദലുകൾക്കും പരിഹാരങ്ങൾക്കുള്ള അന്വേഷണമാണ് ഈ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം. ഊർജ്ജ വിനിയോഗത്തിന്റെ വൻ പദ്ധതികളെ ചെറുകിടവും സുസ്ഥിരവുമായ ഊർജ്ജ വിനിയോഗത്തിലൂടെയും പാരിസ്ഥിതിക സൗഹൃദമുള്ള സുസ്ഥിര പ്രാദേശിക സമ്പദ്ഘടനയും വഴി വെല്ലുവിളിക്കാനുള്ള സഞ്ചാര പഥമൊരുക്കുകയും ചെയ്യുന്നു ഈ മാസിക. 2002 ൽ ബിനുമാത്യുവാണ് സ്ഥാപിച്ചത്.
വിലാസം: www.countercurrents.org